# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6206 09/07/2013ലെ മറുപടിക്ക്.

### സംസ്ഥാനത്ത് തൊഴിൽ തേടി വരുന്ന ബംഗ്ലാദേശികളുടെ വിവരം

ചോദ്യം : ഉത്തരം :

ശ്രീ. സി. ദിവാകരൻ

തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ തേടി എത്തുന്ന മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്കിടയിൽ പതിനായിരക്കണക്കിന് ബംഗ്ലാദേശി പൗരൻമാർ ഉണ്ടെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; | സംസ്ഥാനത്ത് തൊഴിൽ തേടി എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ മറവിൽ ബംഗ്ലാദേശി പൗരൻമാരും കടന്നു കയറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ 73 ബംഗ്ലാദേശികൾ ഉൾപ്പെട്ട 11 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇവരുടെ വരവ് തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | എല്ലാ അന്യസംസ്ഥാന തൊഴിലാളികളുടെയും ഫോട്ടോ, തിരിച്ചറിയൽ രേഖകൾ എന്നിവ ശേഖരിച്ച് അവരെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റർ ചെയ്ത് അതാത് പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്നതിനു വേണ്ടിയും അവരെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് വേണ്ടിയും എസ്. എച്ച്. ഒ മാർക്ക് നിർദേശം നൽകിയിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്കിടയിൽ ബംഗ്ലാദേശികൾ കടന്നു കൂടുന്നുണ്ടോ എന്നു സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും നിരീക്ഷിക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) | ഇവരുടെ പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തൊഴിൽ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ